**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1031** **10-06-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി പൈതൃക മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **Shri Ahammad Devarkovil**<br>**(തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ? | (എ) | പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നഗരസഭയിലെ ചെമ്മാട്ടുള്ള ഹജ്ജൂർ കച്ചേരി കെട്ടിടത്തിലാണ് മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. മ്യൂസിയം സജ്ജീകരിക്കുന്നതിനു മുന്നോടിയായി ജീർണ്ണത ബാധിച്ച കെട്ടിടത്തിന്റെ ശാസ്ത്രീയ സംരക്ഷണ ജോലികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചു വരുന്നത്. 54 ലക്ഷം രൂപ അടങ്കൽ ചെലവ് പ്രതീക്ഷിക്കുന്ന ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും 17.01.2021-നു കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിയുടെ ഔപചാരിക ഉദ്ഘാടനം 11.02.2021-നു നടത്തുകയുണ്ടായെങ്കിലും കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ജോലികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. സ്ഥിതി സാധാരണ നിലയിലാകുന്ന മുറയ്ക്ക് സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതും തുടർന്ന് മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ